**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1576** **08-12-2022 - ൽ മറുപടിയ്ക്ക്**

**"തൊഴിൽ മേള" നടത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | തൊഴിൽ വകുപ്പിന്റെ കീഴിൽ വിവിധ സമയങ്ങളിലായി സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിൽ തൊഴിൽ മേള നടന്നതുപോലെ തീരദേശമേഖല കേന്ദ്രീകരിച്ച് പൊന്നാനിയിലും "തൊഴിൽ മേള" നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (എ) | തീരദേശമേഖല കേന്ദ്രീകരിച്ച് പൊന്നാനിയിൽ "തൊഴിൽ മേള" നടത്തുന്നതിനുള്ള സാദ്ധ്യത പരിശോധിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ തൊഴിൽമേള സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | തൊഴിൽ വകുപ്പ് മുമ്പ് 2000 മുതൽ 2022 ആഗസ്റ്റ് വരെ സീനിയോറിറ്റി നിലനിർത്തുന്നതിനുവേണ്ടി എംപ്ളോയ്മെൻറ് കാർഡ് പുതുക്കാൻ പ്രത്യേക ഉത്തരവ് നൽകിയതുപോലെ ഇനിയും പുതുക്കാത്തവർക്കുവേണ്ടി പ്രത്യേക ഉത്തരവ് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (ബി) | എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കൽ, റദ്ദായ ഉദ്യോഗാർത്ഥികൾക്ക് ആയത് പുതുക്കുന്നതിനും കാലാകാലങ്ങളിൽ ഉത്തരവുകൾ പുറപ്പെടുവിക്കാറുണ്ട്.<br><br>സർക്കാരിന്റെ ഒന്നാം വാർഷിക പരിപാടിയോടനുബന്ധിച്ച് 01/01/2000 മുതൽ 31/3/2022 വരെയുള്ള കാലയളവിൽ റദ്ദായ രജിസ്ട്രേഷൻ പുതുക്കുന്നതിന് 30/6/2022 വരെ സമയം അനുവദിച്ച് നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.<br><br>കൂടാതെ, എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ റദ്ദായത് പുതുക്കി പുന:സ്ഥാപിക്കണം എന്ന് ആവശ്യപ്പെട്ട് ലഭിക്കുന്ന അപേക്ഷകളിന്മേൽ ആയതിന്റെ മെറിറ്റ് പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ